(സി) ഈ വർഷത്തെ കാലവർഷക്കെടുതിമൂലം സംസ്ഥാനത്ത് 14,05,39,555 രൂപയുടെ കൃഷി നാശമാണ് കണക്കാക്കിയിട്ടുള്ളത്.

(ഡി) കാലവർഷക്കെടുതികൾ നേരിടുന്നതിന് കേന്ദ്രസഹായം ലഭ്യമാക്കാൻ മാനദണ്ഡപ്രകാരം കണക്കുകൾ തയ്യാറാക്കിവരുന്നുണ്ട്. കേന്ദ്ര സർക്കാരിന് മെമ്മോറാണ്ടം സമർപ്പിക്കുമ്പോൾ കേന്ദ്രസഹായം ആവശ്യപ്പെടുന്നതാണ്.

ഇടുക്കി ജില്ലയിലെ കാലവർഷക്കെടുതി

163 (3934) ശ്രീ. റോഷി അഗസ്റ്റിൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) 2010 ജൂൺ മാസത്തിൽ ഉണ്ടായ കാലവർഷത്തെതുടർന്ന് ഇടുക്കി നിയോജക മണ്ഡലത്തിലെ ഏതെല്ലാം പ്രദേശങ്ങളിൽ നാശനഷ്ടമുണ്ടായെന്ന് അറിയിക്കുമോ ;

(ബി) നാശനഷ്ടങ്ങളുടെ വ്യാപ്തി എത്രയെന്ന് പരിശോധിച്ചിട്ടുണ്ടോ ; വിശദാംശങ്ങൾ പഞ്ചായത്ത് അടിസ്ഥാനത്തിൽ നൽകുമോ ;

(സി) ഈ കാലവർഷത്തെ തുടർന്ന് അറക്കുളം പഞ്ചായത്തിലെ പുത്തേട്-കുവപ്പള്ളി പ്രദേശങ്ങളിൽ ഉണ്ടായ ഉരുൾ പൊട്ടലിൽ നിരവധി ആദിവാസി കുടുംബങ്ങളുടെ ഭൂമി ഒലിച്ചു പോയതായ സംഗതി സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ഡി) എങ്കിൽ ഉരുൾപൊട്ടലിന്റെ ഫലമായി പാറക്കെട്ടുകളായി അവശേഷിച്ച എത്ര വിസ്തൃതി കൃഷി ഭൂമിയുണ്ട് ; എത്ര കർഷകർക്ക് കൃഷി നാശം സംഭവിച്ചു ; വ്യക്തമാക്കുമോ ;

(ഇ) കൃഷി ഭൂമി നഷ്ടപ്പെട്ടവർക്ക് പകരം ഭൂമിയും, കൃഷി നാശം, മറ്റ് നാശനഷ്ടങ്ങൾ എന്നിവ സംഭവിച്ചവർക്ക് അടിയന്തര നഷ്ടപരിഹാരവും നല്കുന്നതിന് നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) 2010 ജൂൺ മാസത്തിലുണ്ടായ കാലവർഷത്തെത്തുടർന്ന് ഇടുക്കി നിയോജക മണ്ഡലത്തിലെ കടത്തൂർ, അറക്കുളം, വാഴത്തോപ്പ്, ഇടുക്കി-കഞ്ഞിക്കുഴി, കൊന്നത്തടി, വാത്തിക്കുടി, കാമാക്ഷി, മരിയാപുരം, കട്ടപ്പന എന്നീ പഞ്ചായത്തുകളിൽ നാശനഷ്ടമുണ്ടായി.

(ബി) നാശനഷ്ടങ്ങളുടെ വ്യാപ്തി കണക്കാക്കിയിട്ടുണ്ട്. പഞ്ചായത്ത് അടിസ്ഥാനത്തിലുള്ള വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

ഗ്രാമപഞ്ചായത്ത്	വീടുകൾക്കുണ്ടായനഷ്ടം	കൃഷി നാശം
1	2	3
അറക്കുളം	21,700	3,76,450
കടയത്തൂർ	14,000	0

LIBRARY ARCHIVES Kerala Legislative Assembly

1	2	3
വാഴത്തോപ്പ്	16,700	1,85,000
ഇടുക്കി- കഞ്ഞിക്കുഴി	17,000	8,08,400
കൊന്നത്തടി	17,400	3,73,550
വാത്തിക്കുടി	14,800	13,80,000
കാമാക്ഷി	9,200	6,95,000
മരിയാപുരം	4,000	0
കട്ടപ്പന	0	1,50,000
രാജാക്കാട്	0	6,47,000
ആകെ	1,05,600	46,15,400

(സി) ഉണ്ട്.

(ഡി) ഉരുൾപൊട്ടൽമൂലം 46.2 ഹെക്ടർ പ്രദേശത്തെ ഭൂമിയിലെ മണ്ണ് നഷ്ടപ്പെട്ട് പാറക്കെട്ടുകളായി മാറിയിട്ടുണ്ട്. 23 കർഷകർക്ക് കൃഷിനാശം സംഭവിച്ചിട്ടുണ്ട്.

(ഇ) കൃഷിഭൂമി നഷ്ടപ്പെട്ടവർക്കും കൃഷിനാശം, മറ്റ് നാശനഷ്ടങ്ങൾ എന്നിവ സംഭവിച്ചവർക്കും അടിയന്തിര സമാശ്വാസധനം നൽകുന്നതിന് നടപടികൾ സ്വീകരിച്ചുവരുന്നു.

പ്രകൃതിക്ഷോഭ ദുരിതബാധിതരുടെ നഷ്ടപരിഹാരത്തുക

164 (3936) ശ്രീ. സി. എം. ദിനേശ് മണി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കടലാക്രമണം അടക്കമുള്ള പ്രകൃതിക്ഷോഭങ്ങളിൽ ദുരിതത്തിന് ഇരയാകുന്നവർക്കുള്ള നഷ്ടപരിഹാര തുക വർദ്ധിപ്പിച്ചിട്ടുണ്ടോ ;

(ബി) ഉണ്ടെങ്കിൽ ഏതൊക്കെ ഇനത്തിൽ എത്രയെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ&ബി) കേന്ദ്ര സർക്കാരിന്റെ പ്രകൃതിക്ഷോഭ ദുരിതാശ്വാസ മാനദണ്ഡപ്രകാരമുള്ള പ്രകൃതിക്ഷോഭങ്ങളുടെ പട്ടികയിൽ കടലാക്രമണത്തെ ഉൾപ്പെടുത്തിയിട്ടില്ല. ആയതിനാൽ കടലാക്രമണംമൂലം ദുരിതത്തിന് ഇടയാകുന്നവർക്ക് പ്രകൃതിക്ഷോഭ ദുരിതാശ്വാസ നിധിയിൽനിന്നും ധനസഹായം അനുവദിക്കുന്നതിന് വ്യവസ്ഥയില്ല. മറ്റുള്ള പ്രകൃതിക്ഷോഭങ്ങൾക്ക് ഇരയാകുന്നവർക്ക് സർക്കാർ ഉത്തരവ് 284/2007/ഡി.എം.ഡി. തീയതി 2-8-2007 പ്രകാരവും സർക്കാർ ഉത്തരവ് 89/2009/ഡി.എം.ഡി. തീയതി 16-2-2009 പ്രകാരവുമാണ് ധനസഹായം നൽകിവരുന്നത്. ഉത്തരവുകളുടെ പകർപ്പ് അനുബന്ധമായി വച്ചിരിക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly